അഭിമുഖം ●
ഡോ. എൻ.എ കരീം/യു. ഷൈജു

# പുതിയ 'സെസ്' (സ്പെഷൽ എൻകൗണ്ടർ സോൺ) രൂപംകൊള്ളുന്നു



ജാമിഅ മില്ലിയ്യയെ കുറിച്ച ആരോപണത്തെ സംബന്ധിച്ച് ഒരു നിഷ്പക്ഷ അന്വേഷണമാണ് നടക്കേണ്ടത്. ഇപ്പോൾ നടക്കുന്നുവെന്ന് പറയുന്ന പലതും വിശ്വസിക്കാൻ പ്രയാസമാണ്. സംഭവങ്ങളുടെ നിജസ്ഥിതി ജനങ്ങളെ അറിയിക്കണം. പോലീസുകാർക്ക് മെഡലുകളും മറ്റ് അവാർഡുകളും ലഭിക്കുന്നതിന് വേണ്ടി ചില കാട്ടിക്കൂട്ടലുകളാണ് നടന്നിട്ടുള്ളത്. ഈ കലാലയത്തിലെ കുട്ടികളെക്കുറിച്ച ആരോപണങ്ങളിൽ പലതിലും പോലീസിന് വ്യക്തത നൽകാൻ കഴിഞ്ഞിട്ടില്ല.

## വിശ്വസിക്കാൻ കഴിയില്ല

**ഞാൻ** 1959 മുതൽ 1963 വരെ ജാമിഅ മില്ലിയ്യയിലെ ടീച്ചേഴ്സ് കോളേജിൽ പ്രവർത്തിച്ചിരുന്നു. ആ നാലുവർഷം ജീവിതത്തിലെ അവിസ്മരണീയ കാലഘട്ടമായി ഇന്നും ഞാൻ കൊണ്ടുനടക്കുന്നു. ബ്രിട്ടീഷ്വിരുദ്ധ മനോഭാവം പുലർത്തി പിറന്ന ഈ കലാലയമുറ്റത്തെ ഒരോ അനുഭവങ്ങളും ഇന്നും അഭിമാനത്തോടെയാണ് ഓർക്കുന്നത്. ഈയിടെ അവിടെ ചെന്നപ്പോൾ ഗൃഹാതുരതയാണ് എനിക്ക് അനുഭവപ്പെട്ടത്. ഈ സ്ഥാപനത്തെ ബന്ധപ്പെടുത്തി ഇപ്പോൾ കേൾക്കുന്ന വാർത്തകൾ ജാമിഅ മില്ലിയ്യയെ അടുത്തറിയുന്ന ആരും വിശ്വസിക്കില്ല. അതുകൊണ്ട് തന്നെ എനിക്കും ഈ കേൾക്കുന്ന ഒന്നും വിശ്വസിക്കാൻ കഴിയുന്നില്ല. ഇന്ത്യയിലെ മതേതര പാരമ്പര്യം അൽപവും വെള്ളം ചേർക്കാതെ നിലനിൽക്കുന്ന സ്ഥാപനത്തെക്കുറിച്ച അപവാദമായാണ് ഞാൻ ഇതിനെ കാണുന്നത്. വിദ്യയെയും അതുമായി ബന്ധപ്പെട്ടവരെയും സ്നേഹിക്കുന്നവരുടെ തീർഥാടന കേന്ദ്രമാണ് ജാമിഅ മില്ലിയ്യ.

'പുതിയ വിദ്യാഭ്യാസം' എന്ന മഹാത്മാഗാന്ധിയുടെ ആശയത്തെ ഡോ. സാക്കിർ ഹുസൈൻ പ്രയോഗവത്കരിക്കുന്നത് ഈ സ്ഥാപനത്തിലൂടെയാണ്. സാമ്രാജ്യത്വ വിരുദ്ധ വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിച്ച സ്ഥാപനം ഇന്നും ആ പാരമ്പര്യം നിലനിർത്തുന്നു എന്നാണ് എന്റെ വിശ്വാസം. ഇവിടെ നിന്നും പുറത്തുവരുന്ന കുട്ടികൾ രാജ്യത്തിന്റെ മികച്ച സമ്പത്താണ്. അവരെയാണ് വ്യാജ ആരോപണങ്ങ

ളിൽ മുക്കിക്കൊല്ലുന്നത്. ഇവിടത്തെ അധ്യാപകരും വിദ്യാർഥികളും തമ്മിലുള്ള ബന്ധം മെച്ചപ്പെട്ടതാണെന്ന് പഠനാന്തരീക്ഷം തന്നെ തെളിയിക്കുന്നു. ഇന്നും ഇത് തുടരുന്നു.

രാജ്യസ്നേഹവും സാമൂഹികബോധവും വളർത്തി നല്ല തലമുറയെ രാജ്യത്തിന് സംഭാവന ചെയ്യുന്ന ഈ സ്ഥാപനത്തിന് തീവ്രവാദത്തെയും രാജ്യദ്രോഹത്തെയും പ്രോത്സാഹിപ്പിക്കാൻ കഴിയില്ല.

### നിഷ്പക്ഷ അന്വേഷണം വേണം

ജാമിഅ മില്ലിയ്യയെ കുറിച്ച ആരോപണത്തെ സംബന്ധിച്ച് ഒരു നിഷ്പക്ഷ അന്വേഷണമാണ് നടക്കേണ്ടത്. ഇപ്പോൾ നടക്കുന്നുവെന്ന് പറയുന്ന പലതും വിശ്വസിക്കാൻ പ്രയാസമാണ്. സംഭവങ്ങളുടെ നിജസ്ഥിതി ജനങ്ങളെ അറിയിക്കണം. പോലീസുകാർക്ക് മെഡലുകളും മറ്റ് അവാർഡുകളും ലഭിക്കുന്നതിന് വേണ്ടി ചില കാട്ടിക്കൂട്ടലുകളാണ് നടന്നിട്ടുള്ളത്. ഈ കലാലയത്തിലെ കുട്ടികളെക്കുറിച്ച ആരോപണങ്ങളിൽ പലതിലും പോലീസിന് വ്യക്തത നൽകാൻ കഴിഞ്ഞിട്ടില്ല. ഇവർ പറയുന്ന എല്ലാ കാര്യങ്ങളെക്കുറിച്ചും അന്വേഷണം നടക്കണം. എന്നിട്ട് വേണം കാര്യങ്ങളെക്കുറിച്ച് വാചാലമാവാൻ. ഇപ്പോഴത്തേത് വെറും കിംവദന്തികൾ മാത്രമാണ്. രാജ്യത്തെ ജനങ്ങളുടെ മുമ്പിൽ സ്ഥാപനത്തെക്കുറിച്ച് തെറ്റിദ്ധാരണ പരത്താനുള്ള വാചകമടികൾ മാത്രമാണിതെല്ലാം.

### ആരും ചെയ്യാവുന്നത്

ജാമിഅ മില്ലിയ്യയുടെ ഇപ്പോഴത്തെ വൈസ് ചാൻസലറുടേത് നല്ല നടപടിയാണ്. അദ്ദേഹത്തിന്റെ സ്ഥാനത്ത് ആരായിരുന്നാലും അതുതന്നെയാണ് ചെയ്യുക. തന്റെ കുട്ടികൾക്ക് വേണ്ട നിയമസഹായം ചെയ്തുകൊടുക്കുന്നതിൽ ഒരു തെറ്റും ഞാൻ കാണുന്നില്ല. എനിക്ക് അദ്ദേഹത്തെ നേരിട്ട് പരിചയമില്ല. പക്ഷേ മുശീറുൽ ഹസൻ മികച്ച അധ്യാപകനും നല്ല ചരിത്രകാരനുമാണെന്ന് എനിക്ക് അറിയാം. അതുകൊണ്ടാണദ്ദേഹം നീതിയുടെ ചേരിയിൽ ചേരുന്നത്.

തന്റെ സ്ഥാപനത്തെക്കുറിച്ച അപവാദപ്രചാരണങ്ങളെക്കുറിച്ച് ഏത് സ്ഥാപനമേധാവിയും ആശങ്കാകുലനാകും. അതുകൊണ്ട് തന്നെ ജാമിഅ മില്ലിയ്യയെ കുറിച്ച കളങ്കം കഴുകിക്കളയാനുള്ള ശ്രമമായിട്ടു വേണം കുട്ടികൾക്ക് ചെയ്തുകൊടുക്കുന്ന നിയമസഹായത്തെ കാണാൻ.



**പുതിയ തലക്കെട്ടുകൾ മുസ്‌ലിം സമുദായത്തെ വേട്ടയാടാൻ ഉപയോഗിക്കുന്നു. ഇതിൽ യഥാർഥ ഭീകരർ രക്ഷപ്പെടാൻ ശ്രമിക്കുകയാണ്. എല്ലാവരും തീവ്രവാദികളല്ലല്ലോ? രാജ്യത്ത് നിയമം പാലിച്ച് ജീവിക്കുന്നവരാണ് ഏറിയപങ്കും. എന്നാൽ ഭീകരവേട്ടയുടെ മറവിൽ ഒരു സമുദായത്തെ മാത്രം പഴിചാരുന്നതിൽ ശരികേടുണ്ട്. ഇതിന് ഒരു ന്യായീകരണവും കണ്ടെത്താൻ കഴിയില്ല.**

ഇതിനെ തെറ്റെന്ന് പറയാൻ കഴിയില്ല. കുട്ടികളോട് ഒരു അധ്യാപകൻ ചെയ്യുന്ന, ചെയ്യേണ്ട കാര്യങ്ങളാണ് അദ്ദേഹം ചെയ്യുന്നത്. ഇതിനെ ചൊല്ലിയും ഇന്നു പലരും വിവാദമുണ്ടാക്കുന്നു. ഇതിൽ ഒരു കാര്യവും ഞാൻ കാണുന്നില്ല. തീർത്തും ശ്ലാഘനീയമായ കാര്യങ്ങളാണ് ഈ അധ്യാപകനിൽ നിന്ന് ഉണ്ടാകുന്നത്.

### പുതിയ തലക്കെട്ടുകൾ സൃഷ്ടിക്കുന്നു

ഭീകരവേട്ട എന്ന പേരിൽ നടക്കുന്ന കാര്യങ്ങളിൽ മുഴുവൻ ശരിയുണ്ടെന്ന് ഞാൻ കരുതുന്നില്ല. ഈ പേരിൽ കാപട്യങ്ങൾ പലതും അരങ്ങേറുകയാണ്. അരെയൊക്കെ പ്രതിസ്ഥാനത്ത് നിർത്താൻ കഴിയുമോ അതിനെല്ലാ ശ്രമവും നടത്തുന്നു. ജാമിഅ മില്ലിയ്യയെ തകർക്കാൻ ഏതെങ്കിലും ശക്തികൾ ശ്രമിക്കുന്നോ എന്ന് എനിക്കറിയില്ല. പക്ഷേ പുതിയ തലക്കെട്ടുകൾ ഉണ്ടാക്കി അതിനെ ശരിക്കും ഉപയോഗപ്പെടുത്താൻ ശ്രമിക്കുന്നു എന്നത് വാസ്തവമാണ്. സ്ഥാപനങ്ങളെക്കുറിച്ച് പൊതുമധ്യത്തിൽ അപവാദം സൃഷ്ടിച്ചെടുക്കുന്നതിൽ ഗൂഢാലോചനയുണ്ടെന്ന് ഞാൻ സംശയിക്കുന്നു.

പുതിയ തലക്കെട്ടുകൾ മുസ്‌ലിം സമുദായത്തെയും വേട്ടയാടാൻ ഉപയോഗിക്കുന്നു. ഇതിൽ യഥാർഥ ഭീകരർ രക്ഷപ്പെടാൻ ശ്രമിക്കുകയാണ്. എല്ലാവരും തീവ്രവാദികളല്ലല്ലോ? രാജ്യത്ത് നിയമം പാലിച്ച് ജീവിക്കുന്നവരാണ് ഏറിയപങ്കും. എന്നാൽ ഭീകരവേട്ടയുടെ മറവിൽ ഒരു സമുദായത്തെ മാത്രം പഴിചാരുന്നതിൽ ശരികേടുണ്ട്. ഇതിന് ഒരു ന്യായീകരണവും കണ്ടെത്താൻ കഴിയില്ല. രാജ്യത്ത് വളർന്നു വന്ന എല്ലാത്തരം സൗഹാർദങ്ങളെയും തുടച്ചുകളയാനേ പുതിയ ന്യായവാദങ്ങൾ ഉതകൂ.

### മാധ്യമങ്ങളുടെ അടഞ്ഞ മനസ്സ്

ഇന്ന് നമ്മുടെ നാട്ടിൽ നടക്കുന്ന പല സംഭവങ്ങളിലും മാധ്യമങ്ങളുടെ സമീപനം വികലമാണ്. പോലീസിന്റെയും ഇന്റലിജൻസിന്റെയും വാമൊഴികൾ മാത്രമാണ് ഭീകരതാ വാർത്തകൾ നൽകുന്നതിൽ മാധ്യമങ്ങൾക്ക് പ്രേരകം. മാധ്യമങ്ങളും മാധ്യമപ്രവർത്തകരും സ്വന്തമായി അന്വേഷണം നടത്തുന്നില്ല. പകരം എളുപ്പവഴികൾ തേടി വാർത്തകൾ ഉണ്ടാക്കാനാണ് ശ്രമിക്കുന്നത്. ഇത് കാര്യങ്ങളെ വഴിതിരിച്ചുവിടുന്നു. ബാംഗ്ലൂരിലെ ഡോ. ഹനീഫിന്റെ സംഭവം നാം കണ്ടതാണ്. വാർത്താമാധ്യമങ്ങളുടെ അമിതാവേശം പലരെയും വെറുതെ കുറ്റക്കാരാക്കാൻ ശ്രമിക്കുന്നു. അതുകൊണ്ട് മാധ്യമങ്ങൾക്ക് പലതിനും തുറന്ന മനസ്സല്ല ഉള്ളത്; അടഞ്ഞ മനസ്സാണ്. ഇത് നമുക്കിടയിൽ ഒരു പ്രശ്നമാണ്. കേട്ടെഴുത്ത് രീതി പോലീസിൽ നിന്ന് മാത്രമാവരുത്. എല്ലാ പക്ഷത്തു നിന്നും വേണം. അങ്ങനെയൊരു മാധ്യമ സംസ്കാരം വളരണം.

ഇപ്പോഴത്തെ സംഭവങ്ങളെക്കുറിച്ച് രണ്ട ഭിപ്രായം പരന്നിട്ടും ഇതിനെക്കുറിച്ചറിയാൻ മാധ്യമങ്ങളെ സമീപിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. പ്രശ്നങ്ങളുണ്ടാകുന്ന സ്ഥലത്തെത്തി കാര്യങ്ങൾ ജനങ്ങൾക്കു മുമ്പിൽ തുറന്നു പറയുന്ന ധീരതയാണ് മാധ്യമങ്ങൾക്കുണ്ടാവേണ്ടത്.

## ന്യൂനപക്ഷവിദ്വേഷം വളർത്തുന്നു

രാജ്യത്ത് ക്രിസ്ത്യാനികൾക്ക് നേരെയും അക്രമം നടക്കുന്നു. ഇത് ന്യൂനപക്ഷ വിരുദ്ധതയുടെ ഭാഗമാണ്. ഇതാണ് ഒറീസ മുതൽ കർണാടക വരെ നാം കണ്ടത്. ക്രിസ്ത്യാനികൾ മതപരിവർത്തനം നടത്തുന്നു, മുസ്‌ലിംകൾ ഭീകരപ്രവർത്തനം നടത്തുന്നു- ഇതാണ് ഇരു സമുദായത്തിന്റെ നേരെയും പറയുന്ന ആരോപണങ്ങൾ. ഇത് പുതിയ പരീക്ഷണശാലകൾ രൂപപ്പെടുത്തുന്നതിന്റെ ഭാഗമായ ആരോപണങ്ങളാണ്. ചിലരുടെ രാഷ്ട്രീയ ലാഭത്തിന് വേണ്ടിയാണിതെല്ലാം. വരുന്ന ലോക്സഭ തെരഞ്ഞെടുപ്പ് മുന്നിൽ കണ്ട് പല അക്രമങ്ങളും വർഗീയവാദികൾ നടത്തിക്കൊണ്ടിരിക്കും. നരേന്ദ്രമോഡി ഇതിൽ വിജയിച്ചയാളാണ്. ഇവരുടെ പ്രവൃത്തികൾ കാരണമുണ്ടായ കലാപങ്ങളിൽ എത്ര പേർക്കാണ് ജീവഹാനി സംഭവിച്ചിട്ടുള്ളത്? കാര്യങ്ങൾ പകൽ പോലെ വ്യക്തമായിട്ടും പ്രതികൾ ഒന്നും സംഭവിക്കാത്ത മട്ടിൽ വെളിച്ചത്ത് നിൽക്കുന്നു.

ഓരോ സ്ഥലവും തങ്ങളുടെ ശക്തി കേന്ദ്രങ്ങളാക്കി മാറ്റാനാണ് അവർ ശ്രമിക്കുന്നത്. എന്നിട്ട് തങ്ങളല്ലാത്തവരെയെല്ലാം തല്ലിയൊതുക്കുക. കേരളത്തിലെ ചില കാമ്പസുകളിൽ എസ്.എഫ്.ഐ തങ്ങളുടെ ശക്തി പ്രയോഗിക്കുന്നത് കണ്ടിട്ടില്ലേ. തങ്ങളല്ലാത്തവരെ തടയുന്ന രീതി. ശക്തികാട്ടി ഭീഷണിപ്പെടുത്തുന്ന രീതിയെ ആർക്കാണ് അംഗീകരിക്കാൻ സാധിക്കുക. ഇതിനെയൊക്കെ ഒറ്റപ്പെടുത്താനാണ് ശ്രമിക്കേണ്ടത്.

## നിയമം പ്രയോഗിക്കാനറിയണം

രാജ്യത്ത് സംഭവിക്കുന്ന വിധ്വംസക പ്രവർത്തനങ്ങളെ തടയാൻ ഒരു ടാഡയും പോട്ടയും വേണ്ട. ഉള്ള നിയമം ക്രിയാത്മകമായി പ്രയോഗിക്കുകയാണ് വേണ്ടത്. പുതിയ ഒരു നിയമത്തിനും പ്രസക്തിയില്ല. രാജ്യദ്രോഹികളെ നേരിടാൻ തക്ക മതിയായ നിയമം ഇവിടെയുണ്ടല്ലോ. ഇത് പ്രയോഗിക്കാൻ മടിക്കുന്നതുകൊണ്ടാണ് പല സംഭവങ്ങളും ആവർത്തിക്കുന്നത്. നിയമം നല്ല നിലക്ക് പ്രയോഗിക്കാൻ ഭരണകൂടങ്ങൾ തയാറാവുകയാണ് വേണ്ടത്.



മുശീറുൽ ഹസൻ

**രാജ്യത്ത് അതിക്രമങ്ങളുടെ പുതിയ മേഖലകൾ സൃഷ്ടിക്കുകയാണ് ഇപ്പോൾ. ഇതിനെ സ്പെഷൽ എൻകൗണ്ടർ സോൺ (SEZ) എന്ന് വിളിക്കാമെന്ന് തോന്നുന്നു. വർഗീയ വിദ്വേഷം പരത്തി ഉണ്ടാക്കിയെടുത്ത ഇത്തരം പുതിയ സോണുകളാണ് പലരുടെയും പുതിയ രാഷ്ട്രീയ പരീക്ഷണശാലകൾ. ഇങ്ങനെ ശക്തിപ്പെടാം എന്നാണ് വർഗീയ ശക്തികളും മറ്റും കണക്ക് കൂട്ടുന്നത്. ഇത്തരം മേഖലകളിൽ ഇരകളായി പതിനായിരങ്ങളാണ് രാജ്യത്തുണ്ടാകുന്നത്. ഈ ഇരകളുടെ പക്ഷത്തു നിൽക്കുകയാണ് നാം വേണ്ടത്.**

## പുതിയ സെസുകൾ ഉണ്ടാകുന്നു

രാജ്യത്ത് അതിക്രമങ്ങളുടെ പുതിയ മേഖലകൾ സൃഷ്ടിക്കുകയാണ് ഇപ്പോൾ. ഇതിനെ സ്പെഷൽ എൻകൗണ്ടർ സോൺ (SEZ) എന്ന് വിളിക്കാമെന്ന് തോന്നുന്നു. വർഗീയ വിദ്വേഷം പരത്തി ഉണ്ടാക്കിയെടുത്ത ഇത്തരം പുതിയ സോണുകളാണ് പലരുടെയും പുതിയ രാഷ്ട്രീയ പരീക്ഷണശാലകൾ. ഇങ്ങനെ ശക്തിപ്പെടാം എന്നാണ് വർഗീയ ശക്തികളും മറ്റും കണക്ക് കൂട്ടുന്നത്. ഇത്തരം മേഖലകളിൽ ഇരകളായി പതിനായിരങ്ങളാണ് രാജ്യത്തുണ്ടാകുന്നത്. ഈ ഇരകളുടെ പക്ഷത്തു നിൽക്കുകയാണ് നാം വേണ്ടത്. ■